# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 03 | 2023 |
| --- | --- | --- |





ശബരിമല പത്രക്കുറിപ്പ് - 5

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com


# അരങ്ങ് കീഴടക്കി അഭ്യാസികൾ

കേരളവർമ പഴശ്ശിരാജയുടെ ജന്മദിനമായ ഇന്നലെ (03-01-2023) സന്നിധാനം വലിയ നടപ്പന്തലിന് മുന്നിലെ വേദിയിൽ വൈകുന്നേരം 7 മുതൽ കളരിപ്പയറ്റ് പ്രദർശനം നടന്നു. കണ്ണൂർ ജില്ലയിലെ പിണറായി, കോട്ടയം മലബാർ, കതിരൂർ പഞ്ചായത്തുകളിൽ നിന്നുള്ള 15 ആയോധന കലാകാരന്മാരാണ് ചടുലമായ ചലനങ്ങളിലൂടെ വേദിയിൽ വിസ്മയം തീർത്തത്. അഭ്യാസികൾ തലശ്ശേരി വി കെ രവീന്ദ്രൻ ഗുരുക്കളുടെ ശിഷ്യന്മാരാണ്.

കളരി വന്ദനം, വെറും കൈ, ചൂരൽ കയറ്റം , വാളും വാളും , ചെറുവടി, കഠാര, ഉറുമി തുടങ്ങി അഭ്യാസമുറകളാണ് ഗുരുക്കന്മാരായ കെ രജീഷിന്റെയും സി ഷാജിയുടെയും നേതൃത്വത്തിലുള്ള സംഘം അവതരിപ്പിച്ചത്. ദ്രോണാചാര്യ ഹിന്ദുസ്ഥാൻ കളരിയുടെ നേതൃത്വത്തിലാണ് പ്രദർശനം സംഘടിപ്പിച്ചത്.

**ഫോട്ടോ ക്യാപ്ഷൻ: ദ്രോണാചാര്യ ഹിന്ദുസ്ഥാൻ കളരിസംഘത്തിലെ അഭ്യാസികൾ ശബരിമല സന്നിധാനത്ത് വാൾപ്പയറ്റ് അവതരിപ്പിക്കുന്നു.**

(പി.ആർ. ശബരി– 230)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.